VISTAS No.II. Vol. 2. Jan 2006, 26-28

# പുതിയ പാലവും അവസാനത്തെ നദിയും

**ഹേമമാലിനി എം.**

ലക്ചറർ, മലയാളം വിഭാഗം, വിമല കോളേജ്, തൃശൂർ

കവി വാക്കുകൾക്കു പ്രവചനത്തിന്റെ തീക്ഷണതയുണ്ട്. കവിയുടെ ആശങ്കകൾ ഭവിഷ്യത് കാലത്തിൽ ദുരന്തയാഥാർത്ഥ്യങ്ങളായേക്കാലം. ഇടശ്ശേരിയുടെ 'കുറ്റിപ്പുറം പാലം' എന്ന കവിത ഈ സത്യമാണ് സംവദിക്കുന്നത്. വിഭിന്നങ്ങളായ ഭൂമിശാസ്ത്ര, സംസ്ക്കാര വിശേഷങ്ങൾ ധ്രുവീകരിക്കുന്ന രണ്ട് സ്ഥലികളെത്തമ്മിൽ ബന്ധിപ്പിക്കുക, ആ ഇടങ്ങൾക്കിടയിൽ പരസ്പര വിനിമയ സാധ്യതകൾ നിർമ്മിച്ചെടുക്കുക എന്നിങ്ങനെ, പാലം പണിതെടുക്കുന്ന സാംസ്കാരിക പാഠങ്ങൾ മഹത്തരങ്ങളാണ്. എന്നാൽ കവിതയിലെ പാലം ഒന്നുമില്ലായ്മയിൽ ഉരുതിരിഞ്ഞുവന്ന ഒരു പരിഹാരമാർഗ്ഗമല്ല. ഇവിടെ പാലം ഒരു പകരക്കാരനാണ്. 'അക്കരെ' എന്ന വിദൂരതയെ അല്പം ചാക്രികമായി സമീപിച്ചിരുന്ന വഞ്ചിയ്ക്കു പകരമാണ്, അക്കരയിലേയ്ക്കു ഋജുവായി നീളുന്ന പാലം വന്നിരിക്കുന്നത്. പാലത്തിലൂടെ പോയതും വന്നതുമായവയെ കവി തുലനപ്പെടുത്തുന്നുണ്ട്. പച്ചയും മഞ്ഞയും മാറിമാറി പാറിക്കളിക്കുന്ന പാടങ്ങൾ, ഫലസമൃദ്ധമായ തോപ്പുകൾ,വർണ്ണ വൈവിദ്ധ്യമൊരുക്കുന്ന താഴ്വരകൾ, കാവിലെ പൂർവ്വ സ്മൃതികളുണർത്തുന്ന ഉത്സവങ്ങൾ - ഇവയെല്ലാം ചേർന്ന ഗ്രാമലക്ഷ്മി കവിയുടെ മുന്നിലൂടെ പാലം കടന്നു പോയി മറയുന്നു. ഇതെല്ലാം നഷ്ടപ്പെടുത്തി പകരം ലഭിക്കുന്നതാകട്ടെ അപരിചിത ഗന്ധങ്ങളും ശബ്ദങ്ങളും അവസാനിക്കാത്ത കലഹങ്ങളുമാണ്. ഇവയ്ക്കു തമ്മിൽ താരതമ്യങ്ങൾ തന്നെ അസാദ്ധ്യമാണെന്നിരിക്കേ, കവി ആ നഷ്ടബോധത്തിന്റെ തിരിച്ചറിവിൽ 'കുറ്റിപ്പുറം പാലം' എന്ന കവിതയ്ക്കു വിരാമമിടുന്നു. മാത്രമല്ല നഷ്ടങ്ങൾ ഇനിയും എത്ര അധികരിക്കും എന്ന ആശങ്ക കൂടി കവിയ്ക്കുണ്ട്. കരകളെ ഭേദിച്ചൊഴുകിക്കൊണ്ടിരിക്കുന്ന പുഴയുടെ നിറവിന്റെ സുവർണ്ണകാല യാഥാർത്ഥ്യത്തെ സാഥിയാക്കികൊണ്ട്, പുഴയുടെ സ്വത്വം തന്നെയായ ഒഴുക്കും പ്രയാണവും നഷ്ടപ്പെട്ട് പുഴ ഒരു അഴുക്കുചാലാകുന്ന പരിണാമസാധ്യതകളെക്കുറിച്ച് ഭയത്തോടെ ഓർക്കുന്ന കവിയെ പ്രവാചകനെന്നു തന്നെ പരിചയപ്പെടുത്തണം. പുഴയ്ക്കു ഇത്തരമൊരു ധരിണാമം വരുത്തിവയ്ക്കുന്നതിനു തുടക്കമാടുന്ന പാലം പരിഷ്കൃതിയുടെ, മുന്നാലോചനകളില്ലാത്ത പുരോഗമനത്തിന്റെ പ്രതീകമായകുന്നു. ഇടശ്ശേരി തന്റെ ഈ കവിതയെ ഒരു ഓർമ്മപ്പെടുത്തലാക്കിയിരിക്കുന്നു. മനുഷ്യന്റെ അന്ധമായ പുരോയാനങ്ങളിൽ, തിരിഞ്ഞുനോട്ടങ്ങൾക്കുള്ള ആവശ്യകതയേയും പ്രസക്തിയേയും പ്രാധാന്യത്തേയും പാലത്തിനു മുകളിൽ ആകുലചിത്തനായി നിലകൊള്ളുന്ന കവി ഓർമ്മപ്പെടുത്തുന്നു.

ഇതിനു പൂരണമായോ പകരമായോ വായിക്കാവുന്ന ഒരു കവിതയാണ് സച്ചിദാനന്ദന്റെ 'അവസാനത്തെ നദി'. 'കുറ്റിപ്പുറം പാല'ത്തിലെ കവി ഭയപ്പെട്ടതുപോലെയും അതിനപ്പുറവും സംഭവിച്ചു കഴിഞ്ഞ ഒരു കാലത്തിലാണ് 'അവസാനത്തെ നദി' ഒഴുകുന്നത്. പുഴ വെള്ളമില്ലാതെ, ഒഴുക്കില്ലാതെ അഴുക്കുചാലായി മാറുക മാത്രമല്ല, തിളച്ച രക്തമൊഴുകുന്ന ഒന്നായി മാറിയിരിക്കുന്നു. ദാഹമകറ്റാൻ വന്ന ആട്ടിൻപറ്റങ്ങൾ മൂർച്ഛിച്ചു വീഴുകയും, പുഴയ്ക്കു കുറുകെ പറന്ന പറവകൾ പിടഞ്ഞുവീണ് മറയുകയും ചെയ്യുന്ന ആ രക്തനദിയിലൂടെ ഒരു കുട്ടി യാത്ര തിരിക്കുന്നു. മരിച്ച നദികളെ വീണ്ടെടുക്കുകയെന്ന ദൗത്യവുമായി യാത്ര തിരിക്കുന്ന കുട്ടി നദിയിൽ പൊങ്ങിക്കിടക്കുന്ന ഒരമ്മയുടെ അസ്ഥികൂടത്തെയാണ് യാനപാത്രമാക്കുന്നത്. തന്റെ അമ്മ നൽകിയ മാന്ത്രികമണി കയ്യിലേന്തി നദിയിലൂടെ സഞ്ചരിക്കുന്ന കുട്ടിയോട്, നദി ഭയമാകുന്നില്ലേ എന്നു ചോദിക്കുന്നുണ്ട്. മരിച്ചുപോയ നദികളുടെ ആത്മാക്കൾ കൂട്ടിനുള്ളതുകൊണ്ട് ഭയക്കേണ്ട കാര്യമില്ലെന്ന് കുട്ടി ഉത്തരം പറയുന്നു. മാത്രമല്ല, ആ നദികളെല്ലാം കുട്ടിയുടെ പോറ്റമ്മമാരുമത്രേ. പിന്നേയും ബാക്കി നിൽക്കുന്ന ഈറയോടെ, രക്തനദി ആ നദികളെയൊക്കെ കൊന്നൊടുക്കിയത് നിന്റെ അച്ഛൻ തന്നെയാണെന്നു കലഹിക്കുമ്പോൾ, കുട്ടി തന്റെ കയ്യിലിരിക്കുന്ന മാന്ത്രികമണിയുടെ മരുധ്വനിയിലുടെയാണ് പ്രത്യുത്തരം നൽകുന്നത്. അവ മഴ പെയ്യിക്കുന്നു, ദേഷ്യത്താൽ ഉരുകിത്തിളച്ച നദിയെ സ്നേഹാർദ്രമാക്കുന്നു.





തന്നോട്, തന്റെ ഉറവകളോട് അനീതി പ്രവർത്തിച്ച ഒരു തലമുറയ്ക്കുനേരെയുള്ള പ്രതിഷേധത്തിന്റേയും വെറുപ്പിന്റേയും കാഠിന്യത്താൽ നദിയ്ക്കു വന്നു ഭവിച്ച രക്തച്ഛവി, ക്ഷമയുടെ സഹനത്തിന്റെ നീലിമയായി മാറുന്നു. അതോടെ ജീവന്റെ തുടിപ്പുകൾ തിരിച്ചുവരുന്നു.

ഇതിൽ കുട്ടി ചെയ്യുന്നത് ഒരു പരിഹാര വിധിയാണ്. പ്രതീക്ഷകളേതുമില്ലാത്തിടത്തു നിന്നാണ് കുട്ടി യാത്ര ആരംഭിക്കുന്നത്. മൂർച്ഛിച്ചു വീഴുന്ന ആട്ടിൻപറ്റങ്ങളും പിടഞ്ഞു വീണു മറയുന്ന പറവകളും നിലച്ച ഘടികാരങ്ങളും ഭൂമുഖത്തിൽ വന്നുഭവിച്ച നിർജ്ജീവതയേയും നിശ്ചലതയേയുമാണ് സൂചിപ്പിക്കുന്നത്. ഇപ്രകാരം ഊഷരമായ ഒരു ജീവസ്ഥലിയിൽ ഉർവ്വരതയുടെ അമൃതം തേടിയാണ് കുട്ടി യാത്ര പുറപ്പെടുന്നത്. സദാ പ്രയാണിയായ കാലംപോലും പ്രതീക്ഷയറ്റ് നിശ്ചലമായിരിക്കുന്നു എന്ന്, നിശ്ചലമായ ഘടികാരങ്ങൾ സംവദിക്കുന്നത്. ഇത്രയും നിരാശാജനകമായ ഒരു ദശാസന്ധിയിൽ നിന്നു തുടങ്ങുന്ന കുട്ടിക്കു കൂട്ടാവുന്നത് അമ്മയുടെ സ്മൃതികളും വാക്കുകളും, അമ്മ നൽകിയ അടയാളങ്ങളുമാണെന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്. ഇതിനു നേരെ വിപരീതമായി പുഴകളെ കൊന്നൊടുക്കിയത് അച്ഛനാണെന്നും രേഖപ്പെടുത്തുന്നു. അച്ഛൻ നിർജ്ജീവമാക്കിയ ഒരു പരിസരത്തിൽ, ഭീതിദമായ വൈതരണികൾ താങ്ങുവാൻ അമ്മയുടെ അസ്ഥികൂടമേ സഹായകമാകൂ എന്നുകൂടി കവി സൂചിപ്പിക്കുന്നു. കവിതയിൽ ഉപയോഗിച്ചിരിക്കുന്ന ഈ സ്ത്രീ-പുരുഷ ദ്വന്ദ്വത്തിന്റെ വൈരുദ്ധ്യഘടനം കൊണ്ട് കവി പ്രകൃതി-മനുഷ്യ ദ്വന്ദ്വത്തെത്തന്നെയാണ് പ്രതീകവത്ക്കരിക്കുന്നത്. പ്രകൃതിക്കു വിലോമമായി മനുഷ്യൻ നടത്തിയ പരിഷ്ക്കരണങ്ങൾ പ്രകൃതിയിൽ അസ്ഥികൂടങ്ങൾ അവശേഷിപ്പിക്കുകയും അമൃതവാഹികളായ പുഴകളെ രക്തവാഹിനികളാക്കി മാറ്റുകയും ചെയ്തു.

രക്ഷകനായി അവതരിച്ചിരിക്കുന്ന കുഞ്ഞിനു അമ്മ കൈയിൽ കൊടുത്തിരിക്കുന്നത് ഒരു മാന്ത്രികമണിയാണ്. അടഞ്ഞ വാതിലുകളെ ബലപ്രയോഗങ്ങളില്ലാതെ മന്ദ്രനിസ്വനംകൊണ്ട് തുറപ്പിക്കാനുതകുമെന്ന പ്രതീക്ഷയാണ് ഈ ധ്വനികൾക്കുള്ളത്. കുട്ടിയുതിർക്കുന്ന ഈ ശബ്ദങ്ങൾ മനീഷ്യരാശിയുടെ ബോധതലങ്ങളെ ഉണർത്തുന്നു. പ്രകൃതിയെ, പ്രകൃതിയിലെ പൊടിപ്പുകളെ പുനരുജ്ജീവിപ്പിക്കുന്നു. അമ്മ - സ്ത്രീ - ഉപദേശിച്ചുകൊടുക്കുന്ന ഇത്തരം മന്ത്രങ്ങൾക്കേ ഈ പുനരുജ്ജീവനശക്തിവിശേഷങ്ങളുള്ളു. കാരണം സ്ത്രീ, പ്രകൃതിതന്നെയാണ്. സ്ത്രീയെപ്പോലെ പ്രകൃതിയെ അനുഭവിച്ചറിയാൻ പുരുഷനു സാധ്യമല്ല.

മനുഷ്യകുലം ഇനി മുന്നോട്ടുപോകേണ്ടതു അതിനൂതന ശാസ്ത്രസാങ്കേതിക അറിവുകളുടെ ഊറ്റത്തിൽ മാത്രമല്ല. സ്നേഹത്തിന്റേയും സഹനത്തിന്റേയും പശ്ചാത്താപത്തിന്റേയും തിരിച്ചറിവുകൾ മനുഷ്യകുലത്തിന്റെ പുരോയാനങ്ങളിൽ ദിശാസൂചകങ്ങളാകേണ്ടതുണ്ട്. കഴിഞ്ഞ ജന്മത്തിൽ, തന്നെ നിലനിർത്തിയിരുന്നത് ഗംഗയും കാവേരിയും നെല്ലും നിളയുമാണെന്നു ഏറ്റുപറയുന്ന കുട്ടി മേല്പറഞ്ഞ തിരിച്ചറിവുകളുള്ളവനാണ്. ഈ സ്മരണകളിൽ വിനമ്രനാകുന്നതുകൊണ്ടാണ് കുട്ടിക്കു മന്ദ്രധ്വനിയിലൂടെ മഴപെയ്യിക്കാനായത്. മഴ, മുൻതലമുറയുടെ തെറ്റുകളിൽ ദുഃഖിക്കുന്ന, പശ്ചാത്തപിക്കുന്ന പുതുതലമുറയുടെ മേൽ നദികൾ വർഷിക്കുന്ന കനിവിന്റെ പ്രതീകമാകുന്നു. ഇങ്ങനെ മഴയുടെ-നദിയുടെ- പ്രകൃതിയുടെ നന്മയുടെ നിറവിൽ ഭൂമിയിൽ വീണ്ടും ജീവനുണ്ടാകുന്നു, ഘടികാരങ്ങൾ ചലിച്ചുതുടങ്ങുന്നു, മനുഷ്യചരിത്രം ആരംഭിക്കുന്നു.

ഈ കവിത ഒരേ സമയം കവിയ്ക്കു പുതുതലമുറയുടെമേലുള്ള പ്രതീക്ഷയും, പുതുതലമുറ നൽകുന്ന വാഗ്ദാനവുമാണ്. ആത്മവിശ്വാസമുള്ള കുട്ടിയ്ക്കു യാത്രയിൽ മന്ദ്രധ്വനികൾ മാത്രമാണ് സ്വന്തമായുള്ളതെന്നതിനാൽ ആ കുട്ടിയുടെ തുടർന്നുള്ള പ്രവൃത്തികളുടെ സ്വഭാവങ്ങളെ നിർണ്ണയിക്കാവുന്നതാണ്. തെറ്റുകൾ ആവർത്തിക്കില്ലെന്ന വാഗ്ദാനം കൈയ്യിലുള്ള ഈ അടയാളം നൽകുന്നുണ്ട്. അതുകൊണ്ട് തന്നെ ആസന്നമാകുന്ന വിപത്തുകളിൽ ആശങ്കാകുലമാകുന്ന കവിചിത്തമാണ് 'കുറ്റിപ്പുറം പാല'ത്തിലെങ്കിൽ, ഈ കവിത നിരാശയുടെ തമോഗർത്തങ്ങളിൽ പ്രത്യാശയുടെ വജ്രസൂചിയാകുന്നുവെന്നു പറയാം. സന്ദിഗ്ദ്ധ ഘട്ടങ്ങളിൽ തുടർന്നു നടക്കുവാൻ പ്രചോദനവും പ്രോത്സാഹനവും ശുഭപ്രതീക്ഷയും പ്രദാനം ചെയ്യുന്ന ഇത്തരം കവിതകൾ നദികളെപ്പോലെ മനുഷ്യസംസ്കാരത്തിന്റെ അമൃതവാഹിനികളാകുന്നു. തന്റെ അടയാളചിഹ്നങ്ങളെ സച്ചിദാനന്ദൻ മറ്റൊരു കവിതയിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

*"എനിക്കുമുണ്ട് എന്റെ എളിയ അടയാളം*

*ആലിലയും നെല്ക്കതിരും"*

തുടർന്ന് ഈ ആലില ഗയയിൽ നിന്നു കൊണ്ടുവന്നതാണെന്നും പ്രളയങ്ങളിൽ താനതിൽ പൊന്തിക്കിടക്കുന്നു എന്നും കവി എഴുതുന്നു. പ്രളയകാലത്തിലെ ആലിലയിലെ അത്ഭുതശിശു എന്ന പ്രരൂപത്തിനു കവി ചില വ്യതിചലനങ്ങൾ നൽകിയിരിക്കുന്നു. ഭൂമിയിലെ ദുരിതങ്ങളുടെ കാരണമന്വേഷിച്ച് വേപഥുകൊള്ളുന്ന തഥാഗത മനസ്സിനെ ഓർമ്മിപ്പിക്കുന്ന ആലില, അതിനു മുകളിൽ സർവ്വത്തിനും വിരാമമാടുന്ന പ്രളയ ത്തേയും അതിതരണം ചെയ്യുന്ന ശിശു ഇതേ ബിംബം തന്നെയാണ്. 'അവസാനത്തെ നദി' യിലെ ശിശുവും പ്രതിനിധീകരിക്കുന്നത്. കവി തന്റെ രണ്ടാമത്തെ അടയാളമായി പരിചയപ്പെടു ത്തുന്നത് തന്റെ നാട്ടിപുറത്തു നിന്നുകൊണ്ടുവന്ന, ഭൂമിയുമായി തന്നെ ബന്ധിപ്പിക്കുന്ന നെൽക്കതി രിനെയാണ്. വരൾച്ചകളിൽ താനതിനെ മാറോടു ചേർക്കുന്നുവെന്നു കവി എഴുതുന്നുണ്ട്. യാത്ര യിൽ, കുട്ടി തന്നോട് ചേർത്തുപിടിക്കുന്ന അമ്മ നൽകിയ മാന്ത്രികമണി ഈ നെൽക്കതിരിന്റെ രൂപാന്തരം തന്നെയാണ്. കാരണം ഇവ രണ്ടും സ്വത്വത്തെ ഓർമ്മിപ്പിക്കുന്നു, തള്ളിക്കളയാനാ കാത്ത, സംസ്കാരത്തിന്റെ, പൈതൃകത്തിന്റെ സൂചകങ്ങളാകുന്നു. മുൻതലമുറ നഷ്ടപ്പെടുത്തി യതും പുതുതലമുറ വീണ്ടെടുക്കാൻ വെമ്പുന്നതു മായ നദികളുടെ ഉറവുകളോട് കവിയ്ക്കു തോന്നുന്ന ജന്മാന്തരബന്ധങ്ങൾ ഈ അടയാള ങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

പാരിസ്ഥിതിക അവബോധമുള്ള രചനകൾ മനു ഷ്യരെ പുനർവിചിന്തനങ്ങൾക്കു പ്രേരിപ്പിക്കുന്നു. പക്ഷേ ഇവയുടെ സ്ഥായിഭാവം പലപ്പോഴും, നഷ്ടബോധത്തിന്റെ നൈരാശ്യമോ, ഭീഷണാവ സ്ഥകൾ ഉണ്ടാക്കിയെടുത്ത ഞെട്ടലുകളോ, ദുരന്തങ്ങൾ നൽകിയ വേദനകളോ സമ്മേളിക്കുന്ന കരുണമാണ്. പ്രകൃതിയുടെ അമൃതത്വത്തെക്കു റിച്ച്, വീണ്ടുവിചാരങ്ങളിലൂടെ മനുഷ്യ മനസ്സ് കൈവരിക്കുന്ന നന്മകളെക്കുറിച്ച്, ശുഭപ്രതീക്ഷ യുള്ള 'അവസാനത്തെ നദി' അതുകൊണ്ടുതന്നെ ഇതര പരിസ്ഥിതിക്കവിതകളിൽ നിന്നു വ്യതിരിക്ത മാകുന്നു.

◇